**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1244** **07-12-2022 - ൽ മറുപടിയ്ക്ക്**

**ഹരിപ്പാട് മണ്ഡലത്തിലെ പക്ഷിപ്പനി വ്യാപനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ രമേശ് ചെന്നിത്തല | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | ഹരിപ്പാട് മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിൽ പക്ഷിപ്പനി ബാധിച്ച് എത്ര താറാവുകളെയാണ് കൊന്നൊടുക്കേണ്ടിവന്നതെന്നും എന്തെല്ലാം പ്രതിരോധ പ്രവർത്തനങ്ങളാണ് ഇവിടെ നടത്തിയിട്ടുള്ളതെന്നും വ്യക്തമാക്കാമോ; | (എ) | **2022 ഒക്ടോബർ-നവംബർ മാസങ്ങളിലായി ഹരിപ്പാട് മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിൽ പക്ഷിപ്പനി ബാധിച്ച് ആകെ 30,107 താറാവുകളെ കൊന്നൊടുക്കിയിട്ടുണ്ട്. രോഗപ്രഭവ കേന്ദ്രത്തിന്റെ 1 കി.മീ ചുറ്റളവിലുള്ള പക്ഷികളെ കൊന്നൊടുക്കുന്നതിനായും പ്രസ്തുത പ്രദേശങ്ങളിൽ ശുചീകരണം നടത്തുന്നതിനായും ദ്രുതകർമ്മ സേനയെ നിയോഗിച്ച് ആയത് പൂർത്തീകരിച്ചിരുന്നു. രോഗപ്രഭവ കേന്ദ്രത്തിന്റെ 10 കി.മീ ചുറ്റളവിലുള്ള പ്രദേശങ്ങളിൽ താറാവ്, കോഴി, കാട, മറ്റു വളർത്തു പക്ഷികൾ ഇവയുടെ മുട്ട, ഇറച്ചി, കാഷ്ഠം (വളം) എന്നിവയുടെ ഉപയോഗവും, വിപണനവും, കടത്തലും നിരോധിച്ചിരുന്നു. പ്രസ്തുത പ്രദേശങ്ങളിൽ നിരീക്ഷണം തുടർന്നുകൊണ്ടിരിക്കുന്നു.** |
| (ബി) | ഇതുമായി ബന്ധപ്പെട്ട് കർഷകർക്ക് എത്ര രൂപയുടെ നാശനഷ്ടമാണ് സംഭവിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (ബി) | **ഹരിപ്പാട് മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിൽ പക്ഷിപ്പനി ബാധിച്ച് കർഷകർക്ക് ആകെ 66,79,200/- രൂപയുടെ നാശനഷ്ടം സംഭവിച്ചിട്ടുണ്ട്.** |
| (സി) | പ്രസ്തുത കർഷകർക്ക് എത്ര രൂപയുടെ നഷ്ടപരിഹാരം വിതരണം ചെയ്തിട്ടുണ്ടെന്നും ഇനി എത്ര രൂപയുടെ നഷ്ടപരിഹാരം വിതരണം ചെയ്യാനുണ്ടെന്നും പ്രസ്തുത തുക അടിയന്തരമായി വിതരണം ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്നും അറിയിക്കാമോ? | (സി) | **കർഷകർക്ക് നഷ്ടപരിഹാര വിതരണം നടത്തിയിട്ടില്ല. തുക വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.** |

സെക്ഷൻ ഓഫീസർ